# ഫ്ലോട്ട് തയ്യാറാക്കി അവതരിപ്പിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു

ഈ വർഷത്തെ ഓണം വാരാഘോഷത്തോടനുബന്ധിച്ച് 2023 സെപ്റ്റംബർ 2 –ന് നടക്കുന്ന സമാപന ഘോഷയാത്രയിൽ കേരളാ ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ-ഡിസ്ക്) മുൻനിര പദ്ധതിയായ കേരളാ നോളജ് എക്കണോമി മിഷന് വേണ്ടി ഫ്ലോട്ട് തയ്യാറാക്കി അവതരിപ്പിക്കുന്നതിന് താത്പര്യമുള്ള ഏജൻസികളിൽ നിന്നും രൂപരേഖകൾ ക്ഷണിക്കുന്നു. ഒരു ഏജൻസിക്ക് ഒന്നിലധികം ഡിസൈൻ സമർപ്പിക്കാവുന്നതാണ്. കേരളാ നോളജ് എക്കോണമി മിഷന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, പദ്ധതികൾ, തുടങ്ങിയവയെ ആസ്പദമാക്കി, 'വിജ്ഞാന സമ്പദ് വ്യവസ്ഥയിലൂടെ നാളത്തെ കേരളം' എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഡിസൈൻ സമർപ്പിക്കേണ്ടത്.

ഫാബ്രിക്കേഷൻ വർക്കുകൾ, ട്രാൻസ്പോർട്ടേഷൻ, ലൈറ്റ് & സൗണ്ട് തുടങ്ങിയവയെല്ലാം തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസി തന്നെ നിർവഹിക്കണം. ഡിസൈൻ സംബന്ധിച്ച കൊട്ടേഷൻ സമർപ്പിക്കുമ്പോൾ തന്നെ, ഫ്ലോട്ട് നിർമ്മിച്ച് ഘോഷയാത്രയിൽ പ്രദർശിപ്പിക്കുന്നതിനുള്ള ആകെ ചിലവ് ഉൾക്കൊള്ളിച്ച് കൊണ്ടാകണം തുക കോട്ട് ചെയ്യേണ്ടുന്നത്. ഹരിത പ്രോട്ടോകോൾ പാലിച്ച് കൊണ്ടായിരിക്കണം ഡിസൈനും നിർമ്മാണവും നടത്തേണ്ടുന്നത്. തയാറാക്കാൻ ഉദ്ദേശിക്കുന്ന നിറത്തിൽ തന്നെ ആയിരിക്കണം ഡിസൈനും സമർപ്പിക്കേണ്ടുന്നത്. സംസ്ഥാന സർക്കാരിന്റെ പൊതു നിർദ്ദേശത്തിനനുസൃതമായി 18 അടി നീളം, റോഡ് നിരപ്പിൽ നിന്നും 16 അടി ഉയരം, 10 അടി വീതി എന്ന

അളവിലായിരിക്കണം തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസി ഫ്ലോട്ട് തയ്യാറേക്കേണ്ടുന്നത്.

ഡയറക്ടർ, കേരളാ നോളജ് എക്കണോമി മിഷൻ, നാലാമത് നില, കാർമൽ ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം, പിൻ 695014, എന്ന വിലാസത്തിൽ ഡിസൈനുകൾ സമർപ്പിക്കേണ്ടുന്ന അവസാന തീയതി 21.08.23 സമയം 3 മണി. ഇമെയിൽ വിലാസം: info@knowledgemission.co.in, **ഫോൺ നമ്പർ**: 8111820728

കൂടുതൽ വിവരങ്ങൾക്ക് https://kdisc.kerala.gov.in/en എന്ന വെബ്സൈറ്റ് സന്ദർശിക്കുക